സി.എൽ.സി. പള്ളിപ്പുറം
സ്ഥാപിതം 1912

# ജ്വാല

സെൻ്റ് മേരീസ് ഫൊറോന പള്ളി
(എറണാകുളം-അങ്കമാലി അതിരൂപത)
പള്ളിപ്പുറം പി.ഒ., ചേർത്തല-പിൻ: 688 541
ഫോൺ: 0478 2552246

പുസ്തകം 1 ലക്കം 18 ആഗസ്റ്റ് 2023




വിശുദ്ധ ഇഗ്നേഷ്യസ് ലയോള



പരിശുദ്ധ പള്ളിപ്പുറത്തമ്മേ
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ...
സി.എൽ.സി.പള്ളിപ്പുറം 2023-2024

## ജ്വലിച്ചുയർന്ന സി.എൽ.സി.

'ഇതാ കർത്താവിന്റെ ദാസി നിന്റെ വചനം എന്നിൽ നിറവേറട്ടെ' എന്നു പറഞ്ഞുകൊണ്ട് ദൈവ മാതൃത്വം സ്വീകരിച്ച പരിശുദ്ധ കന്യാമറിയത്തിന്റെ കാലടികളെ പിൻചെന്നുകൊണ്ട് 1563 മാർച്ച് 25 മാതാവിന്റെ മംഗളവാർത്ത തിരുനാളിൽ, ഈശോ സഭാ വൈദികനായ ഫാ. ജോൺ ലേനിസ് 17 കലാലയ വിദ്യാർത്ഥികളുമായി റോമിൽ ആരംഭിച്ച മരിയൻ സോഡാലിറ്റി കാലത്തിന്റെ ദുഷ്ടശക്തികൾക്ക് മുന്നിൽ അണഞ്ഞു പോകാതെ ജ്വലിച്ചുയർന്നു. സി.എൽ.സി. (ക്രിസ്ത്യൻ ലൈഫ് കമ്മ്യൂണിറ്റി) എന്ന പേരിൽ ലോകരാഷ്ട്രങ്ങളിൽ ഒരു പ്രകാശമായി നിലകൊള്ളുന്നു. 17-ാം നൂറ്റാണ്ടിന്റെ തുടക്കത്തോടെ ഇന്ത്യയിലും സി.എൽ.സി.സംഘടനയുടെ നാമ്പുകൾ മുളപൊട്ടിത്തുടങ്ങിയിരുന്നു. 1607 ൽ ഗോവയിൽ ഇന്ത്യയിലെ പ്രഥമസംഘടന രൂപംകൊണ്ടു. 1644 ൽ ചേരാമംഗലത്ത് വൈപ്പിൻ കോട്ട സെമിനാരിയിൽ കേരളത്തിലെ ആദ്യ സി.എൽ.സി. സ്ഥാപിതമായി. കർമ്മനിരതരായ യുവജനങ്ങളുടെ ക്രിയാത്മകമായ പ്രവർത്തനങ്ങൾ സമൂഹത്തിൽ വലിയ വലിയ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചു.

1912 ഡിസംബർ 8ന് എറണാകുളം അങ്കമാലി അതിരൂപതയിലും സി.എൽ.സി.സംഘടന തുടക്കം കുറിച്ചു. അന്നുതന്നെ ചരിത്രമുറങ്ങുന്ന പള്ളിപ്പുറം പരിശുദ്ധ ദൈവമാതാവിന്റെദേവാലയത്തിലും സി.എൽ.സി. എന്ന ആത്മീയ സംഘടന പ്രവർത്തനം ആരംഭിച്ചു. ജീവിതത്തിന്റെ നാനാ തുറകളിൽപ്പെട്ട വ്യക്തികൾക്ക് യഥാർത്ഥ ക്രൈസ്തവ ജീവിതശൈലി കാണിച്ചുകൊടുക്കുന്നതുവഴി സഭയ്ക്കും സമൂഹത്തിനും നല്ലവരായ യുവതലമുറയെ വാർത്തെടുക്കുവാൻ ഈ പ്രസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. ഇടവകയിലെ ശക്തമായ ഒരു ആത്മീയ സംഘടന എന്ന നിലയിൽ ഇടവകയിലെ എല്ലാ പ്രവർത്തനങ്ങൾക്കും ശക്തമായ പിന്തുണ നൽകുന്നതിനോടൊപ്പം പാവപ്പെട്ടവരെ സഹായിക്കുന്ന സാമൂഹിക പ്രവർത്തന ങ്ങളിലും അംഗങ്ങൾ പൂർണ്ണമനസ്സോടെ ഇടപെടാറുണ്ട്. അതിരൂപതയിലും ഫൊറോനയിലും അഭിനന്ദനാർഹമായ പ്രവർത്തനം കാഴ്ചവെക്കുന്ന പള്ളിപ്പുറം സി.എൽ.സി. മറ്റു സംഘടനകൾക്ക് ഒരു മാതൃക കൂടിയാണ്. ഉത്ഥിസ്തനായ യേശുക്രിസ്തുവിലുള്ള അടിയുറച്ച വിശ്വാസവും സ്നേഹത്തിന്റെ നൈർമല്യമായ പരിശുദ്ധ അമ്മയുടെ എളിമയുടെ മാതൃകയും വി.ഇഗ്നേഷ്യസ് ലയോളയുടെപ്രത്യേക മാദ്ധ്യസ്ഥവും വഴി പ്രാർത്ഥന, പഠനം, പ്രവർത്തനം എന്ന മുദ്രാവാക്യവുമായി യുവത്വത്തിന്റെ പ്രസരിപ്പിൽ കാലത്തിന്റെ മാറ്റങ്ങളെ ഉൾക്കൊണ്ടുകൊണ്ട് കാലങ്ങൾ കഴിഞ്ഞിട്ടും അടിപതറാതെ ഒരു വടവൃക്ഷംപോലെ പള്ളിപ്പുറം സി.എൽ.സി. എറണാകുളം - അങ്കമാലി അതിരൂപതയ്ക്ക് കീഴിൽ ഇടവകയ്ക്കും സമൂഹത്തിനും മദ്ധ്യേ ഒരു പ്രകാശമായി 111 വർഷങ്ങളായി അണയാത്ത തിരിപോലെ ജ്വലിച്ചു നിൽക്കുന്നു.




# ജ്വാല





## എഡിറ്റോറിയൽ

'ശക്തനായവൻ എനിക്ക് വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു. അവിടുത്തെ നാമം പരിശുദ്ധമാണ് ' (ലൂക്കാ 1:49)

ക്രൈസ്തവ വിശ്വാസത്തിന്റെ ഏറ്റവും വലിയ വെല്ലുവിളികൾ നേരിടുന്ന കാലഘട്ടത്തിലൂടെയാണ് നാം കടന്നു പോകുന്നത്. അറിയുന്നതും കേൾക്കുന്നതും മറ്റുള്ളവരെ അറിയിക്കുവാനുള്ള താല്പര്യം കാണിക്കുന്നത് മനുഷ്യസഹജമാണ്. അറിവിനോടുള്ള മനുഷ്യന്റെ താൽപര്യം പുതിയ വിജ്ഞാനത്തിലേക്ക് വഴിയൊരുക്കുന്നു. വിജ്ഞാന സ്രോതസ്സുകളെ വിവേചന ബുദ്ധിയോടെ സമീപിച്ച് അറിവ് ആർജിക്കുകയും നേടിയെടുത്ത അറിവ് ഉപയോഗിച്ച് ഭൗതിക ജീവിതത്തിന്റെ പിന്നാലെ പായുകയും ചെയ്യുന്ന നമുക്ക് ആത്മീയ അറിവിനെ ശ്രദ്ധിക്കുവാൻ സമയം കിട്ടുന്നില്ല എന്നതാണ് സത്യം. വിജ്ഞാന വിസ്ഫോടനം നടക്കുന്ന ഈ കാലത്ത് കാണുകയും കേൾക്കുകയും ചെയ്യുന്നതെല്ലാം കണ്ണടച്ച് വിശ്വസിക്കുന്നു. ഇതിനിടയിൽ ആത്മീയ അറിവുകൾക്ക് എന്തു പ്രസക്തി. അങ്ങനെ ആ ജീവിതത്തിലൂടെ സമ്പാദിച്ചതെല്ലാം ഭൗതികമായ ഒരു സമ്പാദ്യം മാത്രം.

മറഞ്ഞിരിക്കുന്ന മുറിവുകളും നമ്മുടെ ജീവിതത്തിൽ ഉണ്ടാകും. പലപ്പോഴും മറഞ്ഞിരിക്കുന്ന മുറിവുകളിൽ നിന്നാണ് വേദന ഉണ്ടാവുന്നത്. അതുപോലെ മറഞ്ഞിരിക്കുന്ന ആത്മീയ അറിവുകളെ നമുക്ക് വെളിച്ചത്തിലേക്ക് കൈപിടിച്ചുയർത്താം. അങ്ങനെ ആത്മീയ അറിവും, ഭൗതിക അറിവും ലഭിക്കുമ്പോൾ മാത്രമേ ഉത്തമ ജീവിതം നയിക്കാൻ ആവുകയുള്ളൂ. ജീവിതത്തിലെ വേദനകളിലും കഷ്ടതകളിലും ദൈവപരിപാലനം അറിയുന്നതിനും ദൈവഹിതം അനുസരിച്ച് സ്വർഗീയ അനന്തതയിൽ പ്രവേശിക്കുവാനുള്ള അനുഗ്രഹത്തിനായി നമുക്ക് സർവ്വേശ്വരനോട് പ്രാർത്ഥിക്കാം. ആഗതമായ പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണ കൊംബ്രേരിയ തിരുനാളിന്റെ മംഗളങ്ങൾ നേരുന്നതോടൊപ്പം, എല്ലാ പ്രതിസന്ധിഘട്ടങ്ങളിലും പരിശുദ്ധ അമ്മ നമുക്ക് സംരക്ഷണമാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ടും സ്വാതന്ത്ര്യ ദിനത്തിന്റെയും, തിരുവോണത്തിന്റെയും ആശംസകൾ നേർന്നുകൊണ്ട്

മരിയ വാത്സല്യത്തിൽ,
തിരുനാൾ ആശംസകളോടെ
ടിജോ ജോയി, പതിയാമൂല
സി. എൽ. സി. പ്രസിഡന്റ്



## ഇടയശബ്ദം

പരിശുദ്ധ പള്ളിപ്പുറത്തമ്മയുടെ തിരുനാളിനോടനുബന്ധിച്ച് സി.എൽ.സി. പള്ളിപ്പുറം പ്രസിദ്ധീകരിക്കുന്നജ്വാല 2023 ന് എല്ലാവിധ മംഗളങ്ങളും നേരുന്നു. 1563 ൽ ജോൺലേനി സിനാൽ സ്ഥാപിതമായിട്ടുള്ള മരിയൻ സോഡാലിറ്റി ക്രിസ്ത്യൻ ലൈഫ് കമ്മ്യൂണിറ്റി (സി.എൽ.സി.)യുടെ ലക്ഷ്യം പ്രാർത്ഥനയിലൂടെയും, പഠനത്തിലൂടെയും പ്രവർത്തനത്തിലൂടെയും, വിശുദ്ധമായ ജീവിതത്തിലൂടെയും ക്രിസ്തുവിന്റെ രാജ്യത്തെ പടുത്തുയർത്തുകഎന്നുള്ളതാണ്. വിവിധ വിപ്ലവങ്ങളാൽ വലഞ്ഞ യൂറോപ്പിലെ കത്തോലിക്ക സമൂഹത്തെ പുനരുദ്ധരിക്കുക എന്ന ഉദ്ദേശ്യം മുൻനിർത്തി സ്ഥാപിക്കപ്പെട്ടതാണ് സി.എൽ.സി. വർദ്ധിച്ച ആത്മീയമൂല്യച്യുതിയും വിശ്വാസ പരീക്ഷണങ്ങളും നേരിടുന്ന ഈ കാലഘട്ടത്തിലും ഒരു സമഗ്രമായ പുനരുദ്ധീകരണം ആവശ്യമാണ്.

പരിശുദ്ധ അമ്മയുടെ കൊടിയുടെ കീഴിൽ അണിനിരന്നുകൊണ്ട് സമ്പൂർണ്ണ സമർപ്പണത്തിലൂടെ ക്രിസ്തുവിന് ലോകത്തോട് സംവദിക്കാനുള്ള മാധ്യമങ്ങളായി മാറുക എന്നതാണ് ക്രിസ്ത്യൻ ലൈഫ് കമ്മ്യൂണിറ്റീസ് അംഗങ്ങളുടെ ജീവിത ലക്ഷ്യം. കർത്താവ് സർവ്വസ്വവും ആണ്. അവിടുന്നാണ് സർവ്വതും ചെയ്യുന്നത് എന്നുള്ള ഉത്തമമായ ബോധ്യത്തോടുകൂടി തന്റെ കരങ്ങളും ഹൃദയവും കണ്ണും കാതും പാദങ്ങളും ഈശോക്കായി സമർപ്പിച്ച് ഈശോയ്ക്ക് വേണ്ടി ജീവിക്കുന്ന യഥാർത്ഥ ക്രിസ്തീയ സമൂഹ അംഗങ്ങളാണ് സി.എൽ.സി. മെമ്പേഴ്സ് ഓരോരുത്തരും. താന്താങ്ങളുടെ വ്യത്യസ്ത ജീവിതപന്ഥാവിൽ ഈശോയ്ക്ക് സാക്ഷ്യം വഹിക്കുവാൻ ഉന്നതമായ വിളി സ്വീകരിച്ചിട്ടുള്ള സി.എൽ.സി. അംഗങ്ങൾ ബോധ്യത്തോടെ മാതാവിന്റെ ചൈതന്യം സ്വീകരിച്ച് ഇഗ്നേഷ്യസ് ലയോളയുടെ ആധ്യാത്മിക മികവോടുകൂടി മുന്നോട്ടുപോകുവാനായി പരിശ്രമിക്കുന്നു.

അവനു വിശുദ്ധനും അവൾക്കു വിശുദ്ധയും ആകാം എങ്കിൽ എനിക്ക് എന്തുകൊണ്ട് വിശുദ്ധനായി കൂടാ എന്നുള്ള ഇഗ്നേഷ്യസ് ലയോളയുടെ ചിന്ത ഓരോ സി.എൽ.സി. അംഗത്തിന്റെയും മനസ്സിൽ മുദ്രിതമാകേണ്ടതാണ്. സി.എൽ.സി. പ്രാർത്ഥനയിൽ പ്രത്യേകമായി എടുത്തു പറയുന്നതു പോലെ ജീവിതത്തിൽ എല്ലായ്പ്പോഴും ഈശോയ്ക്ക് ഇഷ്ടപ്പെട്ടവർ ആകുവാനും ഈശോയുടെതാകുവാനും ഓരോരുത്തർക്കും സാധിക്കട്ടെ. നല്ല ക്രിസ്ത്യാനികളായി മാറുവാൻ, ക്രിസ്തുവിനായി ജീവിക്കുവാൻ, ക്രിസ്തുവിനെ ജീവിക്കുവാൻ നമുക്ക് പരിശ്രമിക്കാം.

'ജ്വാല 2023' പേര് പോലെതന്നെ അകക്കണ്ണ് തുറക്കുന്ന വെളിച്ചമായി മാറട്ടെ. ജീവിതത്തിന്റെ എല്ലാ നിമിഷങ്ങളിലുംകൂടെ നടക്കുന്ന, താങ്ങി നടത്തുന്ന പരിശുദ്ധ അമ്മയെ അനുഭവിച്ചറിയാൻ നമുക്ക് സാധിക്കട്ടെ. സ്നേഹത്തിന്റെ,മാതൃവാത്സല്യത്തിന്റെ നിറവായി, ദൈവത്തിന്റെ സാന്നിധ്യത്തിലേക്ക് നിങ്ങളെ, നമ്മളെ കൂട്ടിക്കൊണ്ടുപോകുന്ന നല്ല അമ്മയുടെ സാന്നിധ്യം അനുഭവിച്ചുകൊണ്ട് ജീവിക്കാൻ ഇടയാകട്ടെ. ഒരിക്കൽക്കൂടി പള്ളിപ്പുറത്തമ്മയുടെ തിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും നേർന്നുകൊണ്ട്,

മരിയ വാത്സല്യത്തിൽ,
തോമസ് വൈക്കത്തുപറമ്പിൽ
വികാരിയച്ചൻ


GALAXY
The Digital Partner

SERVICING
Chip level Servicing
Water Damage, Phone Unloking
Passcode Reset, Battery Repair
Brocken Screen etc..

airtel VI BSNL Jio SUN DIRECT VIDEOCON d2h airtel digital TV TATA PLAY

HDB FINANCIAL SERVICES 15 % Cash Back
HDFC BANK Credit Card
UP to 5,000 on Cash Back
BAJAJ FINSERV 0% Credit, Debit Card EMI Facitlity

Money Transfer & Micro ATM
New SIM / SIM Porting

Near Village Office, Pallichanda,
PALLIPPURAM
Ph: 9847812376, 9496451006

SPECIAL OFFER


# പള്ളിപ്പുറം പള്ളി : ചരിത്രപരമായ സവിശേഷതകൾ



വി. ലൂക്കാ സുവിശേഷകൻ വരച്ചു എന്നു വിശ്വസിക്കപ്പെടുന്ന പരി. ദൈവമാതാവിന്റെ ചിത്രത്തിന്റെ പകർപ്പാണ് ഇവിടുത്തെ പ്രധാന അൾത്താരയിൽ പ്രതിഷ്ഠിച്ചിരിക്കുന്നത്.



വിവിധ സ്ഥലങ്ങളിൽ പ്രത്യക്ഷപ്പെട്ട പരി.മാതാവിന്റെ വിവിധ രൂപങ്ങൾ പള്ളിയുടെ മുൻഭാഗത്തായി സ്ഥിതിചെയ്യുന്നു.



മാർ തോമാശ്ലീഹ കോക്കമംഗലത്ത് സ്ഥാപിച്ച കുരിശ്, വേമ്പനാട്ട് കായലിലൂടെ ഒഴുകി മാട്ടേൽ ദ്വീപിൽ അടിയുകയും അത് അത്ഭുതകരമായി കണ്ടെത്തിയപ്പോൾ കൊണ്ടുവന്ന് പള്ളിപ്പുറം പള്ളിയിൽ സ്ഥാപിക്കുകയും ചെയ്തു.



വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ ഇവിടെ വികാരിയായിരുന്നപ്പോൾ ഉപയോഗിച്ചിരുന്ന ഒറ്റക്കല്ലിൽ തീർത്ത മാമോദീസതൊട്ടി ഇപ്പോഴും ഇവിടെ സൂക്ഷിച്ചിരിക്കുന്നു



120 അടി ഉയരമുള്ള മണിമാളിക




പതിനാറാം നൂറ്റാണ്ടിൽ ആഫ്രിക്കയിലെ അഡ്സ്രുമെറ്റത്തിന്റെ ബിഷപ്പായും മലബാർ ഇന്ത്യയുടെ അപ്പസ്തോലിക വികാരിയുമായിരുന്ന ബിഷപ്പ് റഫായേൽ ഫിഗരെദോ സൽദാഗോ അന്ത്യവിശ്രമം കൊള്ളുന്നത് ഇവിടുത്തെ മദ്ബഹയിലാണ്



വി.ചാവറയച്ചൻ വികാരിയായിരുന്നപ്പോഴുള്ള പള്ളിപ്പുറം പള്ളിയുടെ ചിത്രം




സി.എം.ഐ സഭയുടെ സ്ഥാപകനും പള്ളിപ്പുറംസെമിനാരി റെക്ടറും വി. ചാവറയച്ചന്റെആത്മീയ പിതാവുമായ പാലയ്ക്കൽ തോമാ മല്പാൻ പള്ളിപ്പുറം ഇടവകാംഗമാണ്. ഇദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്നത് ഇവിടത്തെ മദ്ബഹയിലാണ്.



വി.കുരിശ് കണ്ടെടുത്ത സ്ഥലത്ത് സ്ഥാപിച്ച ദേവാലയം



16-ാം നൂറ്റാണ്ടിൽ പള്ളിയിൽ സേവനമനുഷ്ഠിച്ചിരുന്ന ബിഷപ്പ് റഫായേൽ ഫിഗരെദോ സൽദാഗോ ഉപയോഗിച്ചിരുന്ന കാസയും 33 വിശുദ്ധരുടെ തിരുശേഷിപ്പടങ്ങുന്ന പേടകവും



മാർതോമാ കുരിശ് പൊതുവണക്കത്തിനായി ആദ്യം പ്രതിഷ്ഠിക്കപ്പെട്ട കുരിശുപുരപള്ളി



55 അടി നീളവും 20 അടി വീതിയുമുള്ള സ്വർഗ്ഗാരോപിത മാതാവിന്റെ മ്യൂറൽ പെയിന്റിംഗ്



പുരാതന ശിലാലിഖിതങ്ങൾ



വി.ചാവറ പിതാവ് താമസിച്ച് വൈദിക പരിശീലനം നേടിയ സെമിനാരി



വി.ചാവറയച്ചൻ ബലിയർപ്പിച്ചിരുന്ന ബലിപീഠം പ്രധാന അൾത്താരയിൽ സൂക്ഷിച്ചിരിക്കുന്നു.

നാനാജാതി മതസ്ഥർ എണ്ണയൊഴിച്ചു കത്തിക്കുന്ന കൽവിളക്ക്





വി.ചാവറയച്ചനും പാലയ്ക്കൽ തോമാമല്പാനും ഉപയോഗിച്ചിരുന്ന അതിപുരാതന കിണർ






